"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്തിലെ ശ്രീമതി. മോനിഷ മോസസ്-ന് ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.83/2025/LSGD തീയതി,തിരുവനന്തപുരം, 09-01-2025

---

പരാമർശം:-
1. പരിയാരം ഗ്രാമപഞ്ചായത്തിന്റെ 07/02/2024 ലെ സാധാരണ യോഗത്തിന്റെ 51/2024 നമ്പർ തീരുമാനം.
2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 26/11/2024 ലെ 4446/സി.സി/2019/ലൈഫ്(8) നമ്പർ കത്ത്.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർ ഡിനേഷൻ കമ്മിറ്റിയുടെ 05/12/2024 ൽ നടന്ന യോഗത്തിന്റെ ഖണ്ഡിക (4.49) തീരുമാനം

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്തിലെ അതിദരിദ്ര കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ട ശ്രീമതി. മോനിഷ മോസസ് ഉൾപ്പെട്ട റേഷൻ കാർഡിൽ അമ്മയ്ക്ക് സ്വന്തമായി വീട് ഉള്ളതിനാൽ ടിയാൾക്ക് ലൈഫ് മാനദണ്ഡങ്ങൾ പ്രകാരം വീട് നിർമ്മിക്കാൻ ആനുകൂല്യം നൽകാൻ സാധിക്കുകയില്ല. അമ്മ നൽകിയ 12 സെന്റ് സ്ഥലത്ത് നിർമ്മിച്ച ഷെഡിൽ മസ്കുലർ ഡിസ്ട്രോഫി അസുഖ ബാധിതരായ രണ്ടു മക്കളൊടൊപ്പം താമസിക്കുന്നവർക്ക് ഷെഡിലെ സ്ഥലപരിമിതി കാരണം വീൽചെയർ ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയിലാണ്. ടിയാളെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകാൻ പരാമർശം (1) പ്രകാരം തീരുമാനിക്കുകയും, അതിദരിദ്യ കുടുംബങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി. മോനിഷ മോസസ്-ന് ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മിക്കാൻ ആനുകൂല്യം നൽകാവുന്നതാണെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്യുകയും ചെയ്തു.

2.വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 05/12/2024 ലെ യോഗം ഈ വിഷയം പരിശോധിച്ചു. അതിദരിദ്ര്യ കുടുംബങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടതും, അസുഖ ബാധിതരായ രണ്ട് മക്കൾ ഉള്ളവരുമാണെന്നതും പരിഗണിച്ച്, കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്തിലെ ശ്രീമതി. മോനിഷ മോസസ്-ന് ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, പരിയാരം ഗ്രാമപഞ്ചായത്ത്, കണ്ണൂർ

ശ്രീമതി. മോണിഷ മോറസ്, സെക്രട്ടറി, (പരിയാരം ഗ്രാമപഞ്ചായത്ത് മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ (ഡി എ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 10-01-2025 10:03:15
സെക്ഷൻ ഓഫീസർ